STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.453/PR/SPMC/PHQ/2026 Date:27.09.2026

## പത്രക്കുറിപ്പ്

## സൈബർ തട്ടിപ്പുകൾക്കെതിരെ ജാഗ്രത: കേരള പോലീസിൻറെ Cyber Wall സേവനം പ്രയോജനപ്പെടുത്താം

സൈബർ ലോകത്തെ സംശയാസ്പദമായ ലിങ്കുകൾ, വെബ്സൈറ്റുകൾ, SMS, ഫോൺ നമ്പറുകൾ, IP വിലാസങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും സൈബർ ഭീഷണികൾക്കെതിരെ ജാഗ്രത പാലിക്കുന്നതിനും കേരള പോലീസിൻറെ Cyber Wall സേവനം പ്രയോജനപ്പെടുത്താം.

AI സാങ്കേതികവിദ്യയുടെ സഹായത്തോടെ സൈബർ ഭീഷണികളെ തിരിച്ചറിയുന്നതിനും സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകൾക്ക് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും Cyber Wall സഹായകരമാണ്. WhatsApp Chat Bot സംവിധാനത്തിലൂടെയാണ് CyberWall സേവനം ലഭ്യമാക്കുന്നത്.

സംശയമുള്ള ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുകയും OTP, PIN പാസ്സ് വേഡ് തുടങ്ങിയ രഹസ്യ വിവരങ്ങൾ ആരുമായും പങ്കുവയ്ക്കാതിരിക്കുകയും വേണം. സൈബർ ഇടപാടുകളുമായി ബന്ധപ്പെട്ട് സംശയം തോന്നുന്ന സാഹചര്യങ്ങളിൽ WhatsApp വഴി കേരള പോലീസിൻറെ CyberWall WhatsApp നമ്പറായ 9497964163 ൻറെ സഹായം തേടാവുന്നതാണ്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിൽ അകപ്പെട്ടാൽ ഉടൻ 1930 എന്ന സൗജന്യ ഹെൽപ്പ് ലൈൻ നമ്പറിൽ വിവരം അറിയിക്കണം. കൂടാതെ www.cybercrime.gov.in എന്ന വെബ്സൈറ്റ് വഴിയും പരാതി നൽകാം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,<br>
ഡെപ്യൂട്ടി ഡയറക്ടർ,<br>
സ്റ്റേറ്റ് പോലീസ് മീഡിയ സെൻ്റർ

************************************